**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 857** **24-02-2022 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനം പുന:സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വാഭാവിക വനം പുന:സ്ഥാപിയ്ക്കുന്നതിനായി സർക്കാർ നയരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.29/2021/വനം തീയതി 17.12.2021 പ്രകാരം സംസ്ഥാനത്ത് സർക്കാർ നയരേഖ അംഗീകരിച്ചിട്ടുണ്ട്. വ്യവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950 മുതൽ 1980 കളുടെ തുടക്കം വരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക മരങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ-ഏകവിളത്തോട്ടങ്ങൾ വെച്ചുപിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000 ത്തോളം ഹെക്ടർ വരുന്ന ടി വിദേശ-ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതയിലേയ്ക്ക് പുന:സ്ഥാപിക്കുവാനും തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് തോട്ടങ്ങളാക്കുന്നതുമാണ് നയരേഖ വിഭാവനം ചെയ്യുന്നത്. |
| (ബി) | വനാശ്രിത സമൂഹത്തിന്റെ ഉപജീവനം ഉറപ്പാക്കുന്നതിനും കൃഷിഭൂമിയിൽ മരം നട്ടുപിടിപ്പിക്കുന്നവർക്ക് നിയന്ത്രണ രഹിതമായി സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാനും വ്യവസ്ഥ ചെയ്യുന്ന തരത്തിലാണോ നയം രൂപീകരിച്ചിട്ടുള്ളത്; | (ബി) | വനാശ്രിത സമൂഹത്തിന്റെ ഉപജീവനം പരമാവധി ഉറപ്പാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ടി നയം മുന്നോട്ടു വയ്ക്കുന്നുണ്ട്. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണം, മൂല്യവർദ്ധനവ്, മെച്ചപ്പെട്ട വിപണനം എന്നിവ ഉറപ്പുവരുത്തി വനാശ്രിത സമൂഹത്തിന് പ്രത്യേകിച്ച് ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും, ജീവസന്ധാരണ മാർഗ്ഗങ്ങളും സാദ്ധ്യമാകും. തടിയേതര വനവിഭവങ്ങളുടെ സുസ്ഥിരമായ ലഭ്യത ഉറപ്പു വരുത്തുന്നതിന് പങ്കാളിത്ത വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റേയും സാദ്ധ്യതകൾ കോർത്തിണക്കി കർമ്മ പരിപാടികൾ ആവിഷ്കരിക്കുമെന്ന് ടി നയത്തിൽ പറഞ്ഞിട്ടുള്ളത് ആത്യന്തികമായി വനാശ്രിത സമൂഹത്തിന് ദീർഘകാല അടിസ്ഥാനത്തിൽ ഉപജീവനം ഉറപ്പാക്കുവാൻ ലക്ഷ്യം |

| | | | |
|---|---|---|---|
| | | | വച്ചുള്ളതാണ്. വനത്തിനു വെളിയിലുള്ള വൃക്ഷാവരണം വർദ്ധിപ്പിച്ച് കാർബൺ ആഗിരണം വർദ്ധിപ്പിക്കുന്നതിനും, വനാശ്രിതത്വം കുറയ്ക്കുന്നതിനും, സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്നത് പ്രോത്സാഹിപ്പിക്കുമെന്ന് ടി നയത്തിൽ ചൂണ്ടികാണിച്ചിട്ടുണ്ട്. ഇതിനായി ഗുണനിലവാരമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യും, കൃഷിക്കാരും പട്ടാദാർമാരും നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂടിയാലോചിച്ച് നടപടി സ്വീകരിക്കും. |
| (സി) | വന സംരക്ഷണത്തിന് ജനകീയ പ്രസ്ഥാനം രൂപീകരിക്കാനും വന്യജീവി ആക്രമണ നിയന്ത്രണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ടോ? | (സി) | വന പുന:സ്ഥാപനം അടിസ്ഥാനമാക്കിയുള്ള സുസ്ഥിര വികസനത്തിന് ഭൂവിഭാഗത്തിനാകെ അനുയോജ്യമായ പ്ലാൻ ബന്ധപ്പെട്ട വകുപ്പുകൾ/ പങ്കാളികളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുമെന്ന് ടി നയം വിവക്ഷിക്കുന്നു. ഇത് വർദ്ധിച്ച തോതിലുള്ള പാരിസ്ഥിതിക സേവനങ്ങളും, തൊഴിലവസരങ്ങളും പ്രധാനം ചെയ്യുമെന്ന് കരുതുന്നു. ടി വന പുന:സ്ഥാപന നയത്തിൽ ബഹുജനങ്ങളെ അണിനിരത്തിയുള്ള ഒരു ജനകീയ പ്രസ്ഥാനം രൂപീകരിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. ഇത്തരത്തിലുള്ള ജനകീയ പ്രസ്ഥാനങ്ങൾ വനസംരക്ഷണത്തിനും വന്യജീവി ആക്രമണം കുറയ്ക്കുന്നതിനും സഹായകരമാകും എന്നാണ് കാണുന്നത്. |

സെക്ഷൻ ഓഫീസർ